(സി) ഹോട്ടലുകളിലെ ഭക്ഷണ സാധനങ്ങളുടെ ഗുണനിലവാരം ഉറപ്പാക്കാനും ശുചിത്വം ഉറപ്പാക്കുന്നതിനുമായി 30 ഇന മാർഗ്ഗനിർദ്ദേശങ്ങളടങ്ങിയ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. (അനുബന്ധമായി ചേർത്തിരിക്കുന്നു.)* ഈ സർക്കുലർ ലംഘിക്കുന്നവർക്കും സ്ഥാപനങ്ങൾക്കുമെതിരെ ആദ്യ ഘട്ടത്തിൽ നിലവാരം മെച്ചപ്പെടുത്താൻ നോട്ടീസ് നൽകുകയും (ഇംപ്രൂവ്മെന്റ് നോട്ടീസ്) ഗുരുതരമായ വീഴ്ചകൾ വരുത്തുന്ന സ്ഥാപനങ്ങൾക്കും കച്ചവടക്കാർക്കുമെതിരെ കോമ്പൗണ്ടിംഗ്, ഫൈൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ മനുഷ്യ ശരീരത്തിന് ഹാനികരമായിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നതാണ്.

(ഡി) മാനദണ്ഡം ലംഘിക്കുന്നവർക്കെതിരെ ആദ്യഘട്ടത്തിൽ നിലവാരം മെച്ചപ്പെടുത്തുവാൻ നോട്ടീസ് നൽകുകയും (ഇംപ്രൂവ്മെന്റ് നോട്ടീസ്) ഗുരുതരമായ വീഴ്ചകൾ കണ്ടെത്തുന്ന സ്ഥാപനങ്ങൾക്കും കച്ചവടക്കാർക്കുമെതിരെ കോമ്പൗണ്ടിംഗ്, ഫൈൻ, അഡ്ജ്യൂഡിക്കേഷൻ എന്നീ നടപടികൾ സ്വീകരിക്കുന്നുമുണ്ട്. കൂടാതെ മനുഷ്യ ശരീരത്തിന് ഹാനികരമായിട്ടുള്ള ഭക്ഷണ പദാർത്ഥങ്ങൾ ഉൽപ്പാദിപ്പിക്കുകയും വിപണനം നടത്തുകയും ചെയ്യുന്നവർക്കെതിരെ 2006-ലെ ഫുഡ് സേഫ്റ്റി ആന്റ് സ്റ്റാന്റേർഡ് ആക്ട് പ്രകാരം പ്രോസിക്യൂഷൻ നടപടികൾ സ്വീകരിക്കുന്നുണ്ട്.

കട്ടപ്പന താലൂക്കാശുപത്രിയിൽ പുതിയതായി സൃഷ്ടിക്കപ്പെട്ട തസ്തികകൾ

50(2518) <u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കട്ടപ്പന താലൂക്ക് ആശുപത്രിയിൽ ഏതൊക്കെ തസ്തികകൾ പുതിയതായി സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്; പുതിയ തസ്തികകൾ സൃഷ്ടിച്ച് ഇറങ്ങിയ ഉത്തരവിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(ബി) കട്ടപ്പന താലൂക്ക് ആശുപത്രിയിൽ, ഗൈനക്കോളജി, അനസ്തേഷ്യ, ശിശുരോഗ വിഭാഗം എന്നിവയിൽ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ടോ; എങ്കിൽ അവയുടെ വിശദാംശം വ്യക്തമാക്കുമോ;

(സി) പ്രസ്തുത തസ്തികകൾ അടിയന്തരമായി അനുവദിച്ച് ഉത്തരവ് ഇറക്കുമോ; വിശദാംശം വ്യക്തമാക്കുമോ;

(ഡി) പ്രസ്തുത ആശുപത്രിയിൽ പൂണ്ട തസ്തിക നിലവിലുണ്ടോ; ഇല്ലെങ്കിൽ പൂണ്ട തസ്തിക കൂടി അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) 18-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 263/2015/ ആ.കു.വ. പ്രകാരം പതിനാറ് തസ്തികകൾ പുതിയതായി സൃഷ്ടിച്ചിട്ടുണ്ട്. (പകർപ്പ് അനുബന്ധം) തസ്തിക സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.*

ക്രമ നമ്പർ	സൃഷ്ടിച്ച തസ്തികകൾ	എണ്ണം
1	സൂപ്രണ്ട്/അസിസ്റ്റന്റ് ഡയറക്ടർ	1
2	ജൂനിയർ കൺസൾട്ടന്റ് (മെഡിസിൻ)	1
3	ജൂനിയർ കൺസൾട്ടന്റ് (ശിശുരോഗം)	2
4	ജൂനിയർ കൺസൾട്ടന്റ് (അസ്ഥിരോഗം)	1
5	ജൂനിയർ കൺസൾട്ടന്റ് (ഇ.എൻ.ടി)	1
6	ലേ സെക്രട്ടറി & ട്രഷറർ	1
7	സ്റ്റാഫ് നഴ്സ് ഗ്രേഡ്-2	3
8	ഫാർമസിസ്റ്റ് ഗ്രേഡ്-2	1
9	ലാബ് ടെക്നീഷ്യൻ ഗ്രേഡ്-2	1
10	ഹോസ്പിറ്റൽ അറ്റൻഡന്റ് ഗ്രേഡ്-2	3
11	ക്ലാർക്ക്	1
	ആകെ	16

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 18-11-2015-ലെ സർക്കാർ ഉത്തരവ് (എംഎസ്.) നമ്പർ 263/2015/ ആ.ക.വ പ്രകാരം ശിശുരോഗ വിഭാഗത്തിൽ രണ്ടു തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്.

(സി) ഗൈനക്കോളജി, അനസ്തേഷ്യ എന്നീ തസ്തികകൾ സൃഷ്ടിക്കുന്നതിനായി ആരോഗ്യ വകുപ്പ് ഡയറക്ടർ ശിപാർശ ലഭ്യമാക്കിയിട്ടില്ല.

(ഡി) ഇല്ല. തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശ ആരോഗ്യ വകുപ്പ് ഡയറക്ടർ ലഭ്യമാക്കിയിട്ടില്ല. ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

കണ്ണൂർ ജില്ലയിലെ ഡോക്ടർമാരുടെ ഒഴിവുകൾ

51(2519) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ ജില്ലയിൽ എത്ര ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലിലുണ്ടെന്നും ആയത് നികത്തുന്നതിനു വേണ്ടി നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്നും വ്യക്തമാക്കുമോ;

(ബി) പയ്യന്നൂർ നിയോജകമണ്ഡലത്തിലെ താലൂക്ക് ആശുപത്രികൾ, കമ്മ്യൂണിറ്റി ഹെൽത്ത് സെന്ററുകൾ, പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങൾ എന്നിവയിലെ ഡോക്ടർമാരുടെയും മറ്റ് ജീവനക്കാരുടേയും ഒഴിവുകൾ സ്ഥാപനം/തസ്തിക തിരിച്ച് വിശദമാക്കുമോ;

(സി) പ്രസ്തുത ഒഴിവുകൾ നികത്തുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 79 ഡോക്ടർമാരുടെ ഒഴിവുകൾ നിലവിലുണ്ട്. അസിസ്റ്റന്റ് സർജൻമാരുടെ ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. ഒഴിവുള്ള കൺസൾട്ടന്റ് തസ്തികയിൽ നിയമനം നടത്തുന്നതിനായി പ്രൊമോഷൻ നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്.

LIBRARY ARCHIVES Kerala Legislative Assembly